(2) കടലാക്രമണവും കാലവർഷവുംമൂലം തീരദേശവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്തെ തീരദേശ പ്രദേശങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ അതീവ ഗുരുതരമായ പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 590 കിലോമീറ്റർ വരുന്ന കേരളത്തിലെ കടലോര തീരദേശ പ്രദേശത്ത് 10 ലക്ഷത്തോളം വരുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ജീവിതം ഇന്ന് അതീവ ഗുരുതരമായിരിക്കുകയാണ്. അങ്ങയുടെ നിയോജകമണ്ഡലമുൾപ്പെടെയുള്ള, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമുൾപ്പെടെയുള്ള കേരളത്തിലെ 28-ഓളം വരുന്ന നിയോജകമണ്ഡലങ്ങളിലെ തീരപ്രദേശങ്ങളിൽ കഴിഞ്ഞ മേയ് മാസം മുതൽ ആരംഭിച്ച രൂക്ഷമായ കടലാക്രമണം മൂലം കിലോമീറ്റർ കണക്കിന് ഭൂമി കടൽ എടുത്തുകൊണ്ടുപോയിരിക്കുകയാണ്. നൂറുകണക്കിന് വീടുകൾ നഷ്ടപ്പെട്ടു പോയി. നിരാലംബരായ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടി ഞാൻ അങ്ങേയറ്റത്തെ വേദനയോടും പരിഭവത്തോടും കൂടി പറയട്ടെ, ഈ ഗവൺമെന്റ് ഉണർന്നു പ്രവർത്തിച്ചില്ല. ഇത് പറയേണ്ടി വന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ഭൂമി നഷ്ടപ്പെട്ടു, വീട് നഷ്ടപ്പെട്ടു. ഇന്നും പല ആളുകളും പല വിദ്യാലയങ്ങളിലും അഭയകേന്ദ്രങ്ങളിലും പട്ടിണിയായി കിടക്കുകയാണ്. അഭയകേന്ദ്രങ്ങളിൽ സൗജന്യറേഷൻ പോലും എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലയെന്നുള്ളത് ദുഃഖത്തോടെ എടുത്തു പറയട്ടെ. കടലാക്രമണ പ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുവേണ്ടി കഴിഞ്ഞ രണ്ടു വർഷമായി ഒരു നടപടിയും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രിയോട് ചോദിക്കുമ്പോൾ അദ്ദേഹം കൈമലർത്തും. പണമില്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്താൻ നോംസ് അനുവദിക്കില്ല എന്നു പറയുന്നുണ്ട്.

മി. സ്പീക്കർ: കടൽഭിത്തി മുഴുവൻ എടുത്തുകൊണ്ടു പോകുന്നില്ലേ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കെട്ടിയ കടൽഭിത്തി മുഴുവൻ കടലിൽ കായം കലക്കിയപോലെയായിരുന്നു. അത് പറഞ്ഞാൽ അല്പം പിണങ്ങേണ്ടിവരും. പലതും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ, എഞ്ചിനീയർമാർ കരാറുകാരുമായി "കരാറിന്റെ" അടിസ്ഥാനത്തിലായതാണ് ഒലിച്ചുപോകാൻ ഇടയാക്കിയത്. ക്ഷമിക്കണം ഇന്ന് ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിരമായി എന്തെങ്കിലും അതിഗൗരവപൂർവ്വമായ ഇടപെടൽ വേണം. വീടുകൾ പോയി. മൽസ്യബന്ധന ഉപകരണങ്ങൾ പോയി. കയറിക്കിടക്കാൻ സ്ഥലമില്ല. ഭൂമിയില്ല. ബേപ്പൂരിലും കാസർഗോഡും തൃശ്ശൂരുമൊക്കെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങളും വള്ളങ്ങളും തകർന്നു പോയിട്ടും ഒരു 100 രൂപ എന്തെങ്കിലും ഒരു ദുരിതാശ്വാസനിധിയിൽ നിന്ന് കൊടുക്കാൻ നടപടി സ്വീകരിച്ചോ? ഈ കൊല്ലം മാത്രമല്ല കഴിഞ്ഞ കൊല്ലവും ഉണ്ടായില്ല. ഈ ബഞ്ചിൽ ഇരുന്നുകൊണ്ട് ഇത് പറയേണ്ടിവന്നതിൽ വേദനയുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ഇത്രയും ദുഷ്ക്കരമായ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി സത്വര നടപടി സ്വീകരിക്കണം. ഇത് രാഷ്ട്രീയമല്ല എല്ലാ ആളുകളെയും ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. കടലാക്രമണ പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തി ആളുകളുടെ ജീവനും സ്വത്തും സംരക്ഷിക്കുവാനുള്ള മാർഗ്ഗം ഉണ്ടാകണം. അതിന് അടിയന്തിരമായി ഇടപെടണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): വളരെ ഗൗരവമുള്ള ഒരു മാനുഷിക പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഈ വർഷത്തെ കാലവർഷം പതിവിലും നേരത്തേ ആരംഭിച്ചു. അതിശക്തമായ കാറ്റും കൊടുങ്കാറ്റുമെല്ലാം ഉണ്ടായി. കാർഷികമേഖലയിൽ നഷ്ടങ്ങളുണ്ടായി. പക്ഷേ അതിനേക്കാൾ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായത് തീരപ്രദേശങ്ങളിലാണ്. വ്യാപകമായി കടലാക്രമണം ഉണ്ടായില്ല എങ്കിൽപ്പോലും കേരളത്തിന്റെ തീരപ്രദേശങ്ങൾ ഇത്തവണത്തെ കാറ്റും കോളും കൊടുങ്കാറ്റും കടലാക്രമണവും കൂടി കഴിഞ്ഞതോടുകൂടി ഇന്ന് വളരെ പ്രയാസത്തിലാണ്. ഗവൺമെന്റ് തീരദേശ നിവാസികളുടെ പ്രയാസങ്ങൾ പരിഹരിക്കുവാൻ മനുഷ്യസാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സൗജന്യ റേഷൻ പ്രത്യേകമായി ആവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കുവാൻ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ തൊഴിലുപകരണം നഷ്ടപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അയക്കുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യവും ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. അതുപോലെ തന്നെ കടലിൽ പോയി വരുന്നവർക്ക് ഇപ്പോൾ ചില സഹായങ്ങൾ നൽകുന്നുണ്ട്. അമ്പതിനായിരം രൂപ ആദ്യം കൊടുക്കും. അതിനു ശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി നേരത്തേയുള്ള.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഒരു പദ്ധതിയും പ്രവർത്തിക്കുന്നില്ല.

ശ്രീ. എ. കെ. ആന്റണി: ഇല്ല, ആ പദ്ധതി പ്രവർത്തിക്കുന്നുണ്ട്, നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. അതിനുപുറമേ ഈ വർഷം മുതൽ കടലിൽ പോയി കാണാതായ ആൾക്കാരുടെ കുടുംബങ്ങൾക്ക് ഇരുപത്തിയഞ്ചായിരം രൂപ വീതം താൽക്കാലിക ആശ്വാസം കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ പൊതുവിതരണ സമ്പ്രദായത്തിൽക്കൂടി കൊടുക്കുന്ന മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഭവനനിർമ്മാണ പദ്ധതിയും ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. തീരദേശ പ്രദേശങ്ങളിൽ കുടിവെള്ളം, വെളിച്ചം, ആരോഗ്യം ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ ഒരു പരിപാടി ഗവൺമെന്റ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കടൽഭിത്തിയുടെ പ്രശ്നം ഒരു ഗൗരവമായ പ്രശ്നമാണ്. കഴിഞ്ഞ ധനകാര്യ കമ്മീഷൻ കടൽഭിത്തിക്കുവേണ്ടി സഹായം നൽകുന്ന പരിപാടി നിർത്തിവച്ചു. നമ്മൾ വീണ്ടും ആ സഹായധനത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഏതായാലും ധനകാര്യ കമ്മീഷൻ വഴിയായാലും കേന്ദ്ര സഹായത്തോടുകൂടിയായാലും കേരളത്തിൽ തീരപ്രദേശങ്ങളിൽ ഒട്ടാകെ വീണ്ടും കടൽഭിത്തി നിർമ്മിക്കുന്ന നടപടികൾ അടുത്ത വർഷം മുതൽ ആരംഭിക്കുന്നതിന് ഗവൺമെന്റ് പരമാവധി ശ്രമിക്കുമെന്ന് ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ തീരദേശ പരിപാലന നിയമം വന്നശേഷം കഴിഞ്ഞ പത്ത് പന്ത്രണ്ട് വർഷമായി തീരപ്രദേശങ്ങളിൽ പുതുതായി വീട് വയ്ക്കുന്ന ആർക്കും തന്നെ ഇപ്പോൾ വീട്ടു നമ്പർ കൊടുക്കുന്നില്ല. അതുപോലെ റേഷൻ കാർഡ് കിട്ടുന്നില്ല, കറന്റ് കിട്ടുന്നില്ല. കടം വാങ്ങാൻ സാധിക്കുന്നില്ല. ഈ ഗവൺമെന്റ് അതിനും പരിഹാരം നിശ്ചയിച്ചിട്ടുണ്ട്. തീരദേശപരിപാലനത്തിന്റെ ഭാഗമായി വീട് നമ്പർ ഇല്ലാതെയും റേഷൻ കാർഡ് ഇല്ലാതെയും വിഷമിക്കുന്ന തീരപ്രദേശ ജനങ്ങൾക്ക് താത്കാലിക കൈവശരേഖ നൽകിക്കൊണ്ട് അവർക്ക് വീട്ടു നമ്പർ ഇട്ടു കൊടുക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആ നമ്പർ കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ എല്ലാവർക്കും റേഷൻ കാർഡ് നൽകും. അതുപോലെ മറ്റ് സഹായം കിട്ടാനുമുള്ള ഏർപ്പാട് ഉണ്ടാക്കുവാനും ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: കൈവശരേഖ കൊടുക്കേണ്ടത് ഗവൺമെന്റാണ്.

ശ്രീ. എ. കെ. ആന്റണി: കൈവശരേഖ കൊടുക്കേണ്ടത് റവന്യൂ അധികൃതരാണ്. പക്ഷേ പഞ്ചായത്ത് വീട്ട് നമ്പർ ഇട്ടു കൊടുക്കണം. പഞ്ചായത്തു കാരോട് വീട് നമ്പർ ഇട്ട് കൊടുക്കുവാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ക്യാബിനറ്റ് തീരുമാനിച്ചതാണ്. കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലമായി തീരദേശ നിയമം വന്നതിനുശേഷം ലക്ഷക്കണക്കിന് ആൾക്കാർക്ക് പട്ടയമില്ല, റേഷൻ കാർഡില്ല, കറന്റ് ഇല്ല. ഈ പ്രശ്നം കഴിഞ്ഞ രണ്ടു മൂന്നു മന്ത്രിസഭയുടെ കാലത്ത് തുടരുകയാണ്. അവരുടെ പ്രയാസം മനസ്സിലാക്കിയാണ് അവർക്ക് താത്ക്കാലിക പട്ടയം കൊടുക്കാൻ, റേഷൻ കാർഡ് കൊടുക്കാൻ, ഗവൺമെന്റ് തീരുമാനിച്ചത്. കഴിഞ്ഞ പത്ത് പന്ത്രണ്ട് വർഷമായിട്ടുള്ള പ്രശ്നം പരിഹരിക്കപ്പെടുകയായിരുന്നു. ഇതാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ തീരപ്രദേശങ്ങളിലെ പ്രശ്നങ്ങൾ കൂടുതൽ ഗൗരവമായി കണക്കാക്കും. കാരണം ഏത് കാലഘട്ടത്തിലും ഇന്ന് കേരളത്തിൽ ഏറ്റവും പ്രയാസപ്പെടുന്ന ആൾക്കാർ തീരദേശ ആൾക്കാരാണ്. പ്രത്യേകിച്ച് ആഴക്കടൽ മത്സ്യബന്ധനം വന്നതോടുകൂടി, അനിയന്ത്രിതമായി വിദേശ ട്രോളർ വരുന്നതിന്റെ ഫലമായി കടപ്പുറത്ത് പട്ടിണി ഒരു സ്ഥിരം കൂടപ്പിറപ്പായിട്ട് മാറിയിട്ടുണ്ട്. അതുകൊണ്ട് തീരദേശ നിവാസികളുടെ കഷ്ടപ്പാട് പരിഹരിക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ ഏതാനും മാസങ്ങൾക്കകം നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പാവപ്പെട്ട തീരദേശവാസികളുടെ കണ്ണുനീരിന്റെ ഉപ്പ് തിരിച്ചറിയാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായതിന് ഈ സന്ദർഭത്തിൽ നന്ദി പറയുകയാണ്. അതു പോരാ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള ഒരു അഭ്യർത്ഥനയും ചോദ്യവും. കേരളത്തിലെ തീരദേശത്ത് ഇരുപത്തിയെട്ടോളം നിയോജകമണ്ഡലങ്ങളുണ്ട്. ആ ഇരുപത്തിയെട്ടോളം വരുന്ന നിയോജകമണ്ഡലങ്ങളിൽ തീരദേശ എം.എൽ.എ.-മാരുടെ ഒരു യോഗം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, 'NORKA'-യുടെ കൂടി ചുമതലയുള്ള

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ഈ അസംബ്ലി നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽത്തന്നെ വിളിച്ചുകൂട്ടി തീരദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും മന്ത്രിമാരുടെയും ഡിപ്പാർട്ടുമെന്റിന്റെയും ഒരു കോ-ഓർഡിനേഷൻ ഉണ്ടാകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഭഗീരഥ സ്വഭാവം മാനിച്ചുകൊണ്ട്, കാരണം വളരെ പ്രധാന മാനുഷിക പ്രശ്നമാണ് ഇവിടെ പറഞ്ഞത്, ഈ അസംബ്ലി സമ്മേളനം അവസാനിക്കുന്നതിന് മുമ്പായി തീരദേശ എം.എൽ.എ.-മാരുടെ യോഗം ഞാൻ തന്നെ വിളിച്ചു കൂട്ടാം. ആരൊക്കെ പങ്കെടുക്കണമെന്ന് തീരുമാനിക്കാം.

IV. സബ്മിഷൻ

(1) ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ബിനോയ് വിശ്വം: സർ, ഗൾഫിലെ മലയാളികളുടെ വിഷമങ്ങളെ പറ്റിയൊന്നും ഞാൻ പറയുന്നില്ല. അങ്ങേക്കും അറിയാം, അവർക്കും അറിയാം. അവരുടെ കാര്യങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധ കുറച്ചുകൂടി പതിയണം. അവരുടെ പ്രശ്നം ഗുരുതരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള കേരള ബഡ്ജറ്റിലുള്ള കാര്യങ്ങൾ അട്ടിമറിക്കാൻ നീക്കം ആരംഭിച്ചു കഴിഞ്ഞു. പല രാജ്യങ്ങളിലും സ്വദേശി വാദം ശക്തിപ്പെടുകയാണ്. തൊഴിൽ നിയമങ്ങളുടെ കാര്യത്തിൽ വല്ലാത്ത അരക്ഷിതാവസ്ഥ അവിടെയുണ്ട്. അതുപോലെതന്നെ കുവൈറ്റ് പോലെയുള്ള പല സ്ഥലങ്ങളിലും ആക്രമണ പരമ്പരയുണ്ട്. പല സ്ഥലങ്ങളിലും നമ്മുടെ എംബസി നിസ്സംഗതരാണ്. എംബസി ഈ വിഷയങ്ങളിൽ താൽപ്പര്യം കാണിക്കുന്നില്ല. ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രി ഈ കാര്യങ്ങളിൽ മനസ് വച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി ഗൾഫിലേക്ക് പോകുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം ആദ്യത്തെ കാര്യങ്ങളാണ്. നമ്മെയെല്ലാം ജീവിപ്പിക്കുവാൻവേണ്ടി അവിടെ വിയർപ്പൊഴുക്കുന്ന അവരുടെ കാര്യങ്ങളിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. കേന്ദ്ര വിദേശകാര്യ മന്ത്രി, വ്യോമയാന മന്ത്രി എന്നിവർ ഇവിടെ വരുംമുമ്പ് കേരളത്തിന്റെ മൊത്തം മനസ് അതിനകത്തുണ്ട് എന്നു കാണിച്ച് ഒരു സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുവാൻ ഗവൺമെന്റ് ശ്രമിക്കണമെന്നാണ് എന്റെ റിക്വസ്റ്റ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. അദ്ദേഹം പറഞ്ഞ ഗൾഫിലെ മലയാളികളുടെ യാത്രാ പ്രശ്നം സംബന്ധിച്ചും അതുപോലെതന്നെ മണ്ണിന്റെ മക്കൾ വാദം, കായിക ആക്രമണങ്ങൾ, ജോലി സുരക്ഷ ഇല്ലായ്മ, എംബസികളുടെ നിസ്സംഗത ഇത്തരം കാര്യങ്ങളെല്ലാം തന്നെ പല സന്ദർഭങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പുതിയ ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly